(എ) സംസ്ഥാനത്ത് ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനത്തിൽ ഏർപ്പെട്ടിട്ടുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ ഏതെല്ലാമാണ്;

(ബി) ഇവയിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്നവ ഏതെല്ലാം;

(സി) ഇത്തരം സ്ഥാപനങ്ങളെ ഉൽപ്പാദനച്ചെലവ് കുറച്ച് മാർക്കറ്റിൽ വിപണന വിജയം നേടുന്നതിന് പര്യാപ്തമാക്കുന്നതിനെപ്പറ്റി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ അറിയിക്കുമോ;

(ഡി) ഇങ്ങനെ പഠനം നടത്തിയതിന്റെ ഫലമായി നൽകിയ ശുപാർശകൾ അംഗീകരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ?

ഉത്തരം

(എ) ഇതു സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) ഇവയുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.‡

(സി) സംസ്ഥാനത്തെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെ വാണിജ്യപരമായി മത്സരക്ഷമതയുള്ളതാക്കിത്തീർക്കുവാനും പുനരുദ്ധരിക്കുന്നതിനുള്ള പഠനം എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റി നടത്തി വരികയാണ്.

(ഡി) എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റി സർക്കാരിന് നൽകിയ വിവിധ പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണ ശുപാർശകളിൽ 16 സ്ഥാപനങ്ങളെ സംബന്ധിച്ച ശുപാർശകൾ സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

ജൈവസാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിയുള്ള വ്യവസായ യൂണിറ്റുകൾ

11 [3416] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവസാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിയുള്ള ഏതൊക്കെ വ്യവസായ യൂണിറ്റുകളാണ് ഇപ്പോൾ കേരളത്തിൽ പ്രവർത്തിച്ചു വരുന്നതെന്നും ഇവ എവിടെയെല്ലാമാണ് സ്ഥാപിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ; ഇല്ലെങ്കിൽ ഇതു സംബന്ധിച്ച് സർക്കാരിന് എന്തെങ്കിലും പ്രൊപ്പോസൽസ് ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ജൈവസാങ്കേതിക വ്യവസായ രംഗത്ത് കേരളത്തിന്റെ സാദ്ധ്യതകൾ സർക്കാർ പഠിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) ജനിതക സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള ഏതെങ്കിലും വ്യവസായ സംരംഭത്തിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടോ;

---

† അനുബന്ധം III കാണുക.

‡ അനുബന്ധം IIIA കാണുക.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇത്തരം പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ജൈവസാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിയിട്ടുള്ള വ്യവസായ യൂണിറ്റുകൾ ഒന്നുംതന്നെ കേരളത്തിൽ പ്രവർത്തിച്ചു വരുന്നതായി അറിവില്ല.

(ബി) കേരളത്തിലെ ജൈവവൈവിധ്യം പരമാവധി പ്രയോജനപ്പെടുത്തി ബയോ ടെക്നോളജി മേഖലയുടെ വികസനത്തിനും ഈ മേഖലയിൽ തൊഴിൽ സാദ്ധ്യത, നിക്ഷേപം എന്നിവ വർദ്ധിപ്പിക്കുന്നതിനും വേണ്ടി വ്യവസായ വകുപ്പ് ഒരു സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ട്.

കേരളത്തിന്റെ തനതായ പച്ച മരുന്നുകളുടേയും സുഗന്ധ സസ്യങ്ങളുടേയും ശേഖരം എങ്ങനെ വ്യാവസായികമായി പ്രയോജനപ്പെടുത്താമെന്നതിനെക്കുറിച്ച് സ്പെഷ്യൽ ഓഫീസർ വിവിധ വകുപ്പുകളും സ്ഥാപനങ്ങളുമായി ചർച്ചകൾ നടത്തി വരികയാണ്. ചർച്ചകളിൽനിന്നും ഉരുത്തിരിയുന്ന നിർദ്ദേശങ്ങൾ സംയോജിപ്പിച്ചു കൊണ്ടുള്ള ഒരു കർമ്മപരിപാടി രൂപീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

(സി) ഇല്ല.

(ഡി) ഇത്തരം പ്രൊപ്പോസൽ ഒന്നുംതന്നെ ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പയെടുത്ത ചെറുകിട വ്യവസായശാലകൾ

12 [T3417] ശ്രീ. ജോസഫ് എം. പുതുശ്ശേരി:
„ സ്റ്റീഫൻ ജോർജ്ജ്:
„ തോമസ് ഉണ്ണിയാടൻ:
„ മാമ്മൻ മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുത്ത പല ചെറുകിട വ്യവസായശാലകളും കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇവയെ സംരക്ഷിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഇല്ലെങ്കിൽ ഇവയെ സംരക്ഷിക്കുന്നതിന് സർക്കാർ തലത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

'T' മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly